# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.03.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. **2024-ലെ ലോക്സഭാ തെരഞ്ഞെടുപ്പ് തീയതികൾ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിഷൻ നാളെ പ്രഖ്യാപിക്കും.**

   The Election Commission will announce the schedule for the Lok Sabha polls tomorrow.

2. **വരുന്ന ലോക് സഭാ തെരഞ്ഞെടുപ്പിൽ എൻഡിഎ കേരളത്തിൽ സീറ്റുകൾ നേടുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പത്തനംതിട്ടയിൽ എൻഡിഎ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.**

   Senior BJP leader and Prime Minister Narendra Modi today participated in the Loksabha Election Campaign program in Pathanamthitta district in Kerala, Speaking at the public meeting, Mr. Modi said that BJP will win seats from Kerala in the upcoming Lok Sabha polls

3. **ഇലക്ട്രിക് വാഹനങ്ങളുടെ ആഭ്യന്തര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നനായി പുതിയ ഇ-വാഹന നയം പുറത്തിറക്കി കേന്ദ്രസർക്കാർ.**

   Union government has rolled out an e-vehicle policy to encourage and boost domestic manufacturing of e-vehicles.

4. **പൗരത്വ ഭേദഗതി നിയമം സംബന്ധിച്ച് അമേരിക്ക നടത്തിയ അഭിപ്രായ പ്രകടനം അനവസരത്തിലുള്ളതും അനാവശ്യവുമെന്ന് വിദേശകാര്യമന്ത്രാലയം.**

   External Affairs Ministry today said the Citizenship Amendment Act, is an internal matter of India and is in keeping with India's inclusive traditions and long-standing commitment to human rights.

5. **കേരളത്തിൽ സാമൂഹ്യക്ഷേമ പെൻഷൻ രണ്ടു ഗഡുകൂടി വിഷുവിന് മുമ്പ് വിതരണം ചെയ്യുമെന്ന് ധനമന്ത്രി കെ.എൻ ബാലഗോപാൽ.**

Kerala Finance Minister KN Balagopal said that two more installments of social welfare pension will be distributed in Kerala before Vishu.

**വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ - മുംബൈ ഇന്ത്യൻസ് പോരാട്ടം.**

Royal Challengers Bangalore vs Mumbai Indians today in Women's Premier League Cricket.

&&&&&&&&&&&&&&&&&&

## REV. ECI- LOK SABHA POLLS

2024 ലോക്സഭാ തെരഞ്ഞെടുപ്പിന്റെ തീയതി തെരഞ്ഞെടുപ്പ് കമ്മീഷൻ നാളെ പ്രഖ്യാപിക്കും. ഡൽഹി വിജ്ഞാൻ ഭവനിൽ നാളെ ഉച്ചയ്ക്ക് ശേഷമായിരിക്കും പ്രഖ്യാപനം. ലോക്സഭാ തെരഞ്ഞെടുപ്പിനൊപ്പം ചില സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പുകളുടെ സമയക്രമവും നാളെ കമ്മീഷൻ പ്രഖ്യാപിക്കും. നിലവിലെ ലോക്സഭയുടെ കാലാവധി ജൂൺ 16-നാണ് അവസാനിക്കുന്നത്. 2019-ലേതിന് സമാനമായി ഏപ്രിൽ, മെയ് മാസങ്ങളിൽ പല ഘട്ടങ്ങളിലായി വോട്ടെടുപ്പ് നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

&&&&&&&&&&&&&&&&&&

## ELECTION COMMISSIONERS-CHARGE

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷണർമാരായി ഗ്യാനേഷ് കുമാറും, സുഖ്ബീർ സിംഗ് സന്ധുവും ചുമതലയേറ്റു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ ഇരുവരെയും സ്വാഗതം ചെയ്തു. രാജ്യം ലോക്സഭാ തിരഞ്ഞെടുപ്പിനായി

ഒരുങ്ങുന്ന സവിശേഷ ഘട്ടത്തിലാണ് ഇരുവരും തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഭാഗമാകുന്നതെന്ന് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷനായ സമിതിയാണ് തിരഞ്ഞെടുപ്പ് കമ്മീഷണർമാരായി ഗ്യാനേഷ് കുമാറിനെയും സുഖ്ബീർ സിംഗ് സന്ധുവിനെയും നിയമിച്ചത്.

&&&&&&&&&&&&&&&&&&

## PM KERALA

വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപി കേരളത്തിൽ സീറ്റുകൾ നേടുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പത്തനംതിട്ടയിൽ എൻഡിഎയുടെ ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണ റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. രാജ്യത്താകെ 400-ലധികം സീറ്റുകൾ എൻഡിഎ നേടും. കേരളത്തിലെ ജനങ്ങൾക്ക് അഭിവൃത്തിയുണ്ടാവാനാണ് തന്റെ സർക്കാർ ശ്രമിക്കുന്നതെന്നത്. കേരളം ഭരിക്കുന്ന എൽഡിഎഫിനെയും, പ്രതിപക്ഷമായ യുഡിഎഫിനെയും വിമർശിച്ച് ശ്രീ നരേന്ദ്രമോദി, അഴിമതിയും കഴിവുകേടും നിറഞ്ഞ സർക്കാരുകൾക്ക് കീഴിൽ സംസ്ഥാനത്തെ ജനങ്ങൾ ബുദ്ധിമുട്ടുകയാണെന്ന് പറഞ്ഞു. പത്തനംതിട്ട, മാവേലിക്കര, ആലപ്പുഴ, കോട്ടയം ലോക്സഭാ മണ്ഡലങ്ങളിലെ എൻഡിഎ സ്ഥാനാർഥികളുടെ പ്രചാരണം കേന്ദ്രീകരിച്ച് നടന്ന പരിപാടിയിൽ കേന്ദ്രസഹമന്ത്രി വി.മുരളീധരൻ, ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ തുടങ്ങിയവർ ഉൾപ്പെടെ ഒരു ലക്ഷത്തിലധികം

പാർട്ടി പ്രവർത്തകർ പങ്കെടുത്തു. പൊതുയോഗത്തിന് ശേഷം പ്രധാനമന്ത്രി തെലങ്കാനയിലേക്ക് പോയി.

&&&&&&&&&&&&&&&&&&

## PM- KANYAKUMARI VISIT

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് പ്രചാരണങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് കന്യാകുമാരിയിലെ അഗസ്തീശ്വരത്ത് നടന്ന എൻഡിഎ പ്രചാരണ യോഗത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്തു. രാജ്യം ഭരിക്കുന്ന ബിജെപിക്കുള്ള പിന്തുണയുടെ അലയൊലികൾ തമിഴ്നാട്ടിൽ നിന്ന് ആരംഭിച്ചതായി അദ്ദേഹം പറഞ്ഞു. രാഷ്ട്ര വികസനത്തിലാണ് ജനങ്ങൾ വിശ്വസിക്കുന്നതെന്നും എന്നാൽ പ്രതിപക്ഷം വിഭജന രാഷ്ട്രീയത്തിലും അഴിമതിയിലുമാണ് ജീവിക്കുന്നതെന്നും പ്രധാനമന്ത്രി ആരോപിച്ചു.

&&&&&&&&&&&&&&&&&&

## PRESIDENT-PM BHUTAN

ഭൂട്ടാനുമായുള്ള ബഹുമുഖ പങ്കാളിത്തം ഇന്ത്യയ്ക്ക് വിലപ്പെട്ടതാണെന്നും ഭൂട്ടാൻ്റെ താല്പര്യങ്ങൾ കൂടി പരിഗണിച്ച് അത് മുന്നോട്ടുപോകുമെന്നും രാഷ്ട്രപതി ദ്രൗപതി മുർമു. ഊർജ്ജം, സഹകരണം, വ്യാപാരം, നിക്ഷേപം എന്നിങ്ങനെ വിവിധ മേഖലകളിൽ ഇരു രാജ്യങ്ങളും തമ്മിൽ പങ്കാളിത്തം തുടരുന്നുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു. ഭൂട്ടാൻ പ്രധാനമന്ത്രി ദാഷോ ഷെറിംഗ് തോബ്ഗേ, രാഷ്ട്രപതി ദ്രൗപതി മുർമുവുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&&&

## E-VEHICLE POLICY

ഇലക്ട്രിക് വാഹനങ്ങളുടെ ആഭ്യന്തര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നനായി ഇ-വാഹന നയം പുറത്തിറക്കി കേന്ദ്രസർക്കാർ. ഇലക്ട്രിക് വാഹന മേഖലയിൽ നിക്ഷേപം ആകർഷിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് നയം. മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതിയിൽ ഇന്ത്യൻ ഉപഭോക്താക്കൾക്ക് പ്രവേശനം അനുവദിക്കുന്നതിനാണ് നയം. ക്രൂഡ് ഓയിൽ ഇറക്കുമതി, വ്യാപാര കമ്മി, അന്തരീക്ഷ മലിനീകരണം എന്നിവ കുറയ്ക്കുകയും അനബന്ധ ലക്ഷ്യങ്ങളാണ്. പുതിയ നയം അനുസരിച്ച് ഈ മേഖലയിൽ കമ്പനികൾ കുറഞ്ഞത് **4,150** കോടി രൂപയുടെ നിക്ഷേപം നടത്തേണ്ടിവരും. എന്നാൽ പരമാവധി നിക്ഷേപത്തിന് പരിധി നിശ്ചയിച്ചിട്ടില്ല.

**&&&&&&&&&&&&&&&&&&**

## MEA CAA-INTRO

പൗരത്വ ഭേദഗതി നിയമം നടപ്പാക്കുന്നത് സംബന്ധിച്ച് അമേരിക്ക നടത്തിയ അഭിപ്രായ പ്രകടനം അനവസരത്തിലുള്ളതും അനാവശ്യവുമാണെന്ന് വിദേശകാര്യ മന്ത്രാലയം.

***വിശദാംശങ്ങളിലേക്ക്.........***

*(വോയിസ്)*

**&&&&&&&&&&&&&&&&&&**

## MEA CAA-(VOICE)

സിഎഎ ഇന്ത്യയുടെ ആഭ്യന്തര കാര്യമാണെന്നും രാജ്യം ഉൾക്കൊള്ളുന്ന പാരമ്പര്യങ്ങളോടും മനുഷ്യാവകാശങ്ങളോടുള്ള ദീർഘകാല പ്രതിബദ്ധതയ്ക്ക് അനുസൃതമാണെന്നും വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി. ഇന്ത്യയുടെ ബഹുസ്വര പാരമ്പര്യങ്ങളെക്കുറിച്ചും പ്രദേശത്തിന്റെ വിഭജനാനന്തര ചരിത്രത്തെക്കുറിച്ചും പരിമിതമായ ധാരണയുള്ളവർ പ്രഭാഷണങ്ങൾ നടത്താൻ ശ്രമിക്കരുതെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഇന്ത്യയുടെ പങ്കാളികളും അഭ്യുദയകാംക്ഷികളും സിഎഎയുടെ ഉദ്ദേശ്യത്തെ സ്വാഗതം ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു. സിഎഎ ചട്ടങ്ങൾ സംബന്ധിച്ച വിജ്ഞാപനം ആശങ്കയുയർത്തുന്നതാണെന്നും ഇന്ത്യ ഇത് ഏതുതരത്തിലാവും നടപ്പാക്കുകയെന്ന് സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണ് എന്നുമുള്ള അമേരിക്കയുടെ അഭിപ്രായത്തോടാണ് വിദേശകാര്യമന്ത്രാലയം പ്രതികരിച്ചത്. 2014 ഡിസംബർ 31-നോ അതിനുമുമ്പോ ഇന്ത്യയിൽ പ്രവേശിച്ച അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ നിന്നുള്ള ഹിന്ദു, സിഖ്, ബുദ്ധ, ജൈന, പാഴ്സി, ക്രിസ്ത്യൻ വിഭാഗങ്ങളിൽപ്പെട്ട ന്യൂനപക്ഷങ്ങൾക്ക് സുരക്ഷിതത്വം നൽകുന്നതാണ് നിയമം.

ന്യൂസ്ഡസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&&&&

## SITHARAMAN-ECONOMY

നേരിട്ടുള്ള വിദേശനിക്ഷേപത്തിൽ രാജ്യം കൂടുതൽ വളർച്ച കൈവരിക്കുമെന്ന് കേന്ദ്രധനമന്ത്രി നിർമ്മല സീതാരാമൻ. വിവിധ മേഖലകളിൽ നടക്കുന്ന സമഗ്ര പരിഷ്ക്കാരങ്ങളുടെ നടത്തിപ്പിന് കേന്ദ്ര, സംസ്ഥാന, തദ്ദേശ സ്ഥാപനങ്ങൾ തമ്മിൽ കൂടുതൽ ഏകോപനം ആവശ്യമാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## RAHUL GANDHI

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി നയിക്കുന്ന ഭാരത് ജോഡോ ന്യായ് യാത്ര പുരോഗമിക്കുന്നു. മഹാരാഷ്ട്രയിലെ താനെ ഉൾപ്പെടെ വിവിധ ജില്ലകളിൽ പൊതുറാലിയെ അദ്ദേഹം അഭിസംബോധന ചെയ്തു.

&&&&&&&&&&&&&&&&&&

## NATIONAL TIME PROTOCOL

ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം പ്രചരിപ്പിക്കുന്നതിനുള്ള നാഷണൽ ടൈം പ്രോട്ടോക്കോൾ കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ മുംബൈയിൽ ഉദ്ഘാടനം ചെയ്തു. ഇന്ന് ഏകീകൃതവും കൃത്യവുമായ സമയ വിവരങ്ങൾ ലഭിക്കാനും സൈബർ സുരക്ഷ വർദ്ധിപ്പിക്കാനും സഹായിക്കും. ഫരീദാബാദിലെയും അഹമ്മദാബാദിലെയും റീജിയണൽ റഫറൻസ് സ്റ്റാൻഡേർഡ് ലബോറട്ടറിയിൽ ടൈമിംഗ് ഇൻഫ്രാസ്ട്രക്ചറും ശ്രീ. ഗോയൽ ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&&

## KERALA WELFARE PENSION

കേരളത്തിൽ സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ രണ്ടു ഗഡുകൂടി വിഷുവിന് മുമ്പ് വിതരണം ചെയ്യാൻ തീരുമാനിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. **3,200** രൂപവീതമാണ് ലഭിക്കുക. നിലവിൽ ഒരു ഗഡു തുക വിതരണം പുരോഗമിക്കുകയാണ്. വിഷു, ഈസ്റ്റർ, റംസാൻ കാലത്ത് **4,800** രുപവീതമാണ് ഗുണഭോക്താക്കളുടെ കൈകളിലെത്തുക. **62 ലക്ഷം** ക്ഷേമ പെൻഷൻ ഗുണഭോക്താക്കളിൽ മസ്റ്ററിങ് നടത്തിയ മുഴുവൻ പേർക്കും തുക ലഭിക്കും. അതാതു മാസം പെൻഷൻ വിതരണത്തിനുള്ള നടപടികൾ ഉറപ്പാക്കിയിട്ടുണ്ടെന്നും ധനമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&

## KERALA FINANCE

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കടപ്പത്രത്തിലൂടെ **307** കോടി രൂപ സമാഹരിച്ചു. 10 വർഷ കാലാവധിയുള്ള കടപ്പത്രം ബിഎസ്ഇ ഇലക്ട്രോണിക് പ്ലാറ്റ്ഫോമിലൂടെ **8.89%** നിരക്കിലാണ് തുക സമാഹരിച്ചത്.

&&&&&&&&&&&&&&&&&&&

## NAAC ACCREDITATION TO MG UNI.

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് നാഷണൽ അസസ്മെൻറ് ആൻറ് അക്രഡിറ്റേഷൻ കൗൺസിലിൻറെ എ++ ഗ്രേഡ്. നാലാം സൈക്കിൾ റീ അക്രഡിറ്റേഷനിൽ 3.61

ഗ്രേഡ് പോയിൻറ് നേടിയാണ് എം.ജി സർവകലാശാല രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ മികവിൻറെ കേന്ദ്രങ്ങളുടെ പട്ടികയിൽ ഇടം നേടിയത്.

&&&&&&&&&&&&&&&&&&

## KEJRIWAL

മദ്യനയ അഴിമതിക്കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ നാളെ കോടതിയിൽ ഹാജരാകണമെന്ന് നിർദ്ദേശം. ഡൽഹി മജിസ്ട്രേറ്റ് കോടതിയിലാണ് നാളെ ഹാജരാകേണ്ടത്. സമൻസ് സ്റ്റേ ചെയ്യണമെന്ന ഹർജി ഡൽഹി സെഷൻസ് കോടതി തള്ളി.

&&&&&&&&&&&&&&&&&&

## RAJNATH-NAUSENA BHAWAN

രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ന്യൂഡൽഹിയിലെ നൗസേന ഭവൻ ഉദ്ഘാടനം ചെയ്തു. ഡൽഹി കൻ്റോൺമെൻ്റ് ഏരിയയിലാണ് പുതുതായി നിർമ്മിച്ച നൗസേന ഭവൻ സ്ഥിതി ചെയ്യുന്നത്.

&&&&&&&&&&&&&&&&&&

## VICE PRESIDENT-PRASAR BHARATI

പ്രസാർ ഭാരതിയുടെ ചെയർമാനെയും മറ്റ് അംഗങ്ങളെയും തെരഞ്ഞെടുക്കാനുള്ള സമിതി യോഗത്തിന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ അധ്യക്ഷത വഹിച്ചു. ഉപരാഷ്ട്രപതി നിവാസിൽ നടന്ന യോഗത്തിൽ പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ ചെയർപേഴ്സൺ ജസ്റ്റിസ് രഞ്ജന പ്രകാശ് ദേശായി,

വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം സെക്രട്ടറി സഞ്ജയ് ജാജു എന്നിവർ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## EVE RUSSIA ELECTIONS

റഷ്യയിൽ പ്രസിഡന്റ് തിരഞ്ഞെടുപ്പിൻറെ വോട്ടെടുപ്പ് പുരോഗമിക്കുന്നു. മൂന്ന് ദിവസങ്ങളിലായാണ് വോട്ടെടുപ്പ് നടക്കുന്നത്. രാജ്യത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ ഇന്ന് രാവിലെ ആരംഭിച്ച വോട്ടെടുപ്പ്, ഞായറാഴ്ച ഇന്ത്യൻ സമയം രാത്രി 11:30 ന് അവസാനിക്കും.

&&&&&&&&&&&&&&&&&&

## WPL RCB VS MI

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് പ്ലേ ഓഫിൽ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ - മുംബൈ ഇന്ത്യൻസ് പോരാട്ടം. ടോസ് നേടിയ ബാംഗ്ലൂർ ബാറ്റിംഗ് തെരഞ്ഞെടുത്തു. ഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം. ജയിക്കുന്ന ടീം ഞായറാഴ്ച നടക്കുന്ന ഫൈനലിൽ ഡൽഹി ക്യാപിറ്റൽസിനെ നേരിടും.

&&&&&&&&&&&&&&&&&&

## ALL ENGLAND BADMINTON

ഓൾ ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിന്റൺ ചാംപ്യൻഷിപ്

പുരുഷ സിംഗിൾസ് ക്വാർട്ടറിൽ ഇന്ത്യൻ താരം ലക്ഷ്യ

സെൻ ഇന്ന് മലേഷ്യൻ താരത്തെ

നേരിടും. പ്രീക്വാർട്ടറിൽ ലോക മൂന്നാം നമ്പർ താരം ആൻഡേഴ്സ് ആന്റൺസനെ

പരാജയപ്പെടുത്തിയായിരുന്നു ലക്ഷ്യ സെന്നിൻറെ ക്വാർട്ടർ പ്രവേശനം.

&&&&&&&&&&&&&&&&&&

## UN-HDI REPORT-INDIA

മാനവ വികസന സൂചികയിലെ ഇന്ത്യയുടെ പുരോഗതിയെ അഭിനന്ദിച്ച് ഐക്യരാഷ്ട്രസഭ. ജനങ്ങളുടെ ജീവിതനിലവാരം വർധിപ്പിക്കുന്നതിനുള്ള ഇന്ത്യയുടെ നിരന്തര ശ്രമങ്ങളെ യു.എൻ.ഡി.പി ഇന്ത്യൻ പ്രതിനിധി കെയ്റ്റ്ലിൻ വീസെൻ പ്രശംസിച്ചു.

&&&&&&&&&&&&&&&&&&

## CONSUMER RIGHTS DAY

ഇന്ന് ലോക ഉപഭോക്തൃ അവകാശ ദിനം. ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും സ്വയം ബോധവൽക്കരിക്കാനുമായി 1983-ലാണ് ആദ്യമായി ഉപഭോക്തൃ അവകാശ ദിനം ആചരിച്ചു തുടങ്ങിയത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&

&&&&&&&

&&&

&